
# Desabhimani

## 31 July 2018

## Thodupuzha, Opening of Idukki Dam


## ഭയക്കേണ്ട എല്ലാം ഭദ്രം




**ഇടുക്കി അണക്കെട്ട് തുറക്കുന്ന സാഹചര്യമുണ്ടായാൽ അത് നേരിടാനുള്ള എല്ലാ ഒരുക്കങ്ങളും നടത്തിക്കഴിഞ്ഞു. ഇത്രയും വിപുലമായ സന്നാഹങ്ങൾ സംസ്ഥാന ചരിത്രത്തിൽ തന്നെ അപൂർവം. ജനങ്ങൾ ചെയ്യേണ്ടതു ഇത്രമാത്രം; പരിഭ്രാന്തരാവരുത്. തെറ്റായ വിവരങ്ങൾ വിശ്വസിക്കരുത്. അത് പ്രചരിപ്പിക്കരുത്. ബാക്കിയെല്ലാം സംവിധാനങ്ങളും സംസ്ഥാന സർക്കാർ ഒരുക്കിക്കഴിഞ്ഞു.**

### ആശങ്കകൾക്ക് അടിസ്ഥാനമില്ലെന്ന് വിദഗ്ധർ

# പരക്കുന്നത് പെരുപ്പിച്ച ആശങ്കകൾ







**ആർ സാംബൻ**

**തൊടുപുഴ**

ഇടുക്കി ഡാം തുറക്കുന്നതിനെപ്പറ്റി ഉയരുന്ന ആശങ്കകൾക്ക് അടിസ്ഥാനമില്ലെന്ന് വിദഗ്ധർ. മുൻകാലങ്ങളിലും ഡാം തുറന്നതിനു മുമ്പ് അഭ്യൂഹങ്ങൾ ഏറെയായിരുന്നു. പക്ഷേ, കാര്യമായ നാശനഷ്ടങ്ങൾ ഇല്ലാതെയാണ് അന്നെല്ലാം വെള്ളം ഒഴുകിയത്. സമൂഹ്യ മാധ്യമങ്ങളും വാർത്താ ചാനലുകളും സൃഷ്ടിക്കുന്ന ഉദ്വേഗങ്ങൾക്കപ്പുറം ഇക്കുറിയും ഷട്ടർ ഉയർത്തൽ സുരക്ഷിതമാകും.

തുറക്കുന്നതിലെ ദീർഘമായ ഇടവേള മൂലമാണ് ഇടുക്കി ജലസംഭരണിക്ക് ഇത്രയധികം വാർത്താ പ്രാധാന്യം കൈവരുന്നത്. 1992ൽ ആണ് ഏറ്റവുമൊടുവിൽ ഇടുക്കിയുടെ ഷട്ടറുകൾ തുറന്നത്. 400 കെട്ടിടങ്ങളിലാണ് വെള്ളം കയറാൻ സാധ്യത. ഇതിൽ വീടുകളുടെ എണ്ണം 270 ആണ്. ഇവിടെയുള്ളവരെയെല്ലാം സുരക്ഷിതമായി മാറ്റാൻ കഴിയുമെന്നതിനാൽ അപകട സാധ്യത ഒന്നുമില്ല.

എല്ലാ വർഷവും തുറക്കുന്നവയാണ് കേരളത്തിലെ മിക്ക ഡാമുകളും. കല്ലാർകുട്ടി, നേര്യമംഗലം, കുറ്റ്യാടി, പാംബ്ല, പെരിങ്ങൽ, മൂഴിയാർ തുടങ്ങിയവ ഈ ഗണത്തിൽപ്പെടുന്നു. ഇടമലയാർ, പമ്പ, മാട്ടുപ്പെട്ടി തുടങ്ങിയ ഡാമുകൾക്ക് താരതമ്യേന സംഭരണശേഷി കൂടുതലുള്ളതിനാൽ കനത്ത മഴയുണ്ടാകുന്ന വർഷങ്ങളിലേ തുറക്കാറുള്ളൂ. രണ്ടും മൂന്നും വർഷം കൂടുമ്പോഴാണ് ഇവയുടെ ഷട്ടർ ഉയർത്താറുള്ളത്.

അതേ സമയം, സാമാന്യം ശക്തമായ മഴ ലഭിക്കുന്ന വർഷങ്ങളിൽ പോലും 2403 അടി സംഭരണശേഷിയുള്ള ഇടുക്കി ഡാം നിറയാറില്ല. ഇക്കുറി എല്ലാ പ്രതീക്ഷകൾക്കും

പെരിയാറിന്റെ തീരങ്ങളെയാണ് ഡാം തുറക്കൽ ബാധിക്കുക. ചെറുതോണി, തടിയമ്പാട്, കരിമ്പൻ പ്രദേശങ്ങളിൽ കൃഷിയിടങ്ങളിൽ വെള്ളം കയറാം. അതു മുന്നിൽക്കണ്ട് വാഴ അടക്കമുള്ള കൃഷികളുടെ വിളവെടുപ്പ് മിക്കവാറും കർകഷർ നടത്തിക്കഴിഞ്ഞു.

ജലനിരപ്പ് വർധിക്കുന്നത് പെരിയാറിന്റെ ഇരുകരകളിലും വെള്ളപ്പൊക്കം കൂടുന്നതിന് ഇടയാക്കാം. ഈ സാഹചര്യവും അധികൃതർ മുന്നിൽ